"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.സി.വി.രാമചന്ദ്രന് ടെർമിനൽ സറണ്ടർ അനുവദിക്കുന്നത് - കുടിശ്ശിക മാറിയെടുക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.293/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/02/2019

---

പരാമർശം:- 1 തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.10.2007-ലെ ഇ6-7482/2005/കെ.ഡിസ് നമ്പർ നടപടിക്രമങ്ങൾ

2 പഞ്ചായത്ത് ഡയറക്ടറുടെ 26.03.2016-ലെ എ3-37959/16 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 31.03.2007-ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.സി.വി. രാമചന്ദ്രന് സേവന വിരാമ ആനുകൂല്യമായി 300 ദിവസത്തെ ആർജിതാവധി ടെർമിനൽ സറണ്ടറായി അനുവദിച്ച് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (1) നടപടിക്രമങ്ങൾ പ്രകാരം ഉത്തരവായിരുന്നുവെന്നും എന്നാൽ ശ്രീ. സി.വി. രാമചന്ദ്രൻ അസുഖം മൂലം കിടപ്പിലായിരുന്നതിനാൽ ടിയാന് യഥാസമയം ബിൽ സമർപ്പിച്ച് ടി ആനുകൂല്യം കൈപ്പറ്റാൻ സാധിച്ചില്ലെന്നും 5 വർഷം കഴിഞ്ഞതിനാൽ ടി ആനുകൂല്യം പാസ്സാക്കി ലഭ്യമാക്കാൻ അനുവാദം നൽകണമെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KFC VOL I Article 56(b)(1) പ്രകാരം ടി കുടിശ്ശിക ടൈം ബാർഡ് ആയതിനാൽ, KFC VOL I Article 56(a) പ്രകാരം ശ്രീ. സി.വി. രാമചന്ദ്രന്റെ കുടിശ്ശിക മാറിയെടുക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**അഡീഷണല് സെക്രട്ടറി**

1. ശ്രീ. സി.വി. രാമചന്ദ്രൻ, മുൻ സെക്രട്ടറി, ദേശമംഗലം ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
5. ഡയറക്ടർ,ഐ.കെ.എം., തിരുവനതപുരം
6. ധനകാര്യവകുപ്പ് (DEV1/152/16/Fin നമ്പർ അഭിപ്രായ പ്രകാരം )
7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ